## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5837** 07.07.2014- ലെ മറുപടിക്ക്

### സർവ്വീസിൽ നിന്ന് വിരമിച്ച വിദഗ്ധരെ സംസ്ഥാനത്തിന്റെ വികസനത്തിന് ഉപയോഗപ്പെടുത്താനുള്ള കൺസോർഷ്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ. അൻവർ സാദത്ത്:<br>ശ്രീ. ഷാഫി പറമ്പിൽ:<br>ശ്രീ. കെ. മുരളീധരൻ: | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) 'മിഷൻ 676' ന്റെ ഭാഗമായി സർവ്വീസിൽ നിന്ന് വിരമിച്ച വിദഗ്ധരെ സംസ്ഥാനത്തിന്റെ വികസനത്തിന് ഉപയോഗപ്പെടുത്താനുള്ള കൺസോർഷ്യത്തിന്റെ പ്രവർത്തനത്തിന് ആസൂത്രണ ബോർഡ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) വിരമിച്ച ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി "കൺസോർഷ്യം ഓഫ് റിട്ടയേർഡ് എക്സ്പേർട്ട്സ് ഓഫ് ഡെവലപ്മെന്റ്" എന്ന കമ്പനി രൂപീകരിച്ച് അവരുടെ വിദഗ്ദ്ധ സേവനം വിവിധ വികസന മേഖലകളിൽ ഉപയോഗപ്പെടുത്തി കേരളത്തിന്റെ സമഗ്ര വികസനം സാധ്യമാക്കുകയാണ് ലക്ഷ്യം. കേന്ദ്ര/സംസ്ഥാന സർക്കാർ വകുപ്പുകൾ,അർദ്ധസർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, സർക്കാരിതര സംഘടനകൾ തുടങ്ങി ഏത് മേഖലയിലും ഇവരുടെ സേവനം ഉപയോഗിക്കാവുന്നതാണ്. പുതിയ മേഖലകളിലെ സാദ്ധ്യതകളും നവീന ആശയങ്ങളും കണ്ടെത്തി അതിൽ ഇടപെടുക വഴി സേവനമേഖല കൂടുതൽ മെച്ചപ്പെടുത്താനുള്ള ശ്രമവും നടത്തുന്നതാണ്. |

(സി) പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പദ്ധതികളുടെ രൂപരേഖ തയ്യാറാക്കുവാൻ ആസൂത്രണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനും ഡോ. ബി. വിജയകുമാർ (പ്രിൻസിപ്പൽ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ്), ഡോ.ഡി.രാജശേഖരൻ (പ്രൊഫസർ, ഗവൺമെന്റ് മെഡിക്കൽ കോളേജ്, തിരുവനന്തപുരം), ഡോ. വി. സന്തോഷ്, (ചീഫ്, പെഴ്സ്പെക്ടീവ് പ്ലാനിംഗ് ഡിവിഷൻ, സംസ്ഥാന ആസൂത്രണ ബോർഡ്) എന്നിവർ അംഗങ്ങളുമായി ഒരു സമിതി രൂപീകരിച്ചിരുന്നു. സമിതി തയ്യാറാക്കിയ വിശദമായ പദ്ധതി റിപ്പോർട്ട് 2013 ജൂലൈ 24-ന് കൂടിയ മന്ത്രിസഭാ യോഗം അംഗീകരിക്കുകയും സി.ആർ.ഇ.ഡി എന്ന പേരിൽ ഒരു കമ്പനി രൂപീകരിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ആരുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

(ഡി) ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ കീഴിലായിരിക്കും കമ്പനി പ്രവർത്തിക്കുക. കമ്പനിയുടെ നടത്തിപ്പിന് മൂന്നിൽ കുറയാതെയും ഒൻപതിൽ അധികരിക്കാതെയുമുള്ള ഡയറക്ടർമാർ അടങ്ങിയ ബോർഡ് ഉണ്ടായിരിക്കുന്നതാണ്. സാമൂഹ്യ പ്രതിബദ്ധതയും ദീർഘവീക്ഷണവും സർഗശേഷിയും ഉള്ള വിരമിച്ച ഒരാളെ കമ്പനിയുടെ മാനേജിംഗ് ഡയറക്ടറായി ഡയറക്ടർ ബോർഡ് നിയമിക്കും.

സെക്ഷൻ ഓഫീസർ